പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:666 29.06.2011- ലെ മറുപടി

ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിലെ ഷെഡ്യൂളുകൾ നില നിർത്തുന്നതിന് നടപടി

ചോദ്യം

ശ്രീ.ബി.സത്യൻ

ഉത്തരം

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഏറ്റവും കൂടുതൽ യാത്രാക്ലേശം അനുഭവപ്പെടുന്ന ആറ്റിങ്ങൽ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി ഡിപ്പോകളായ ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ നിലവിലുള്ള ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ നിലവിലുള്ള ഷെഡ്യൂളുകൾ ഒന്നും തന്നെ വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ ബസ്സിന്റെയും ഡ്രൈവർമാരുടെയും കുറവുമൂലം ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കാതെ വരാറുണ്ട്. |
| (ബി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും മറ്റും കൃത്യസമയത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ കഴിയത്തക്ക വിധം ഷെഡ്യൂളുകൾ നില നിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും മറ്റും കൃത്യസമയത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ കഴിയുന്ന വിധം ഷെഡ്യൂളുകൾ നില നിർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മണ്ഡലത്തിലെ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് ആവശ്യമായ രീതിയിൽ പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പുതിയ ബസുകൾ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ